# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2935** — **13-07-2015- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ വികസനത്തിനായുള്ള പി.പി.പി. മോഡൽ ടെണ്ടർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ** : | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) വിഴിഞ്ഞം തുറമുഖ വികസനത്തിനായുള്ള പി.പി.പി. മോഡലിന്റെ ടെണ്ടറിൽ ക്വാട്ട് ചെയ്ത ഏക കമ്പനിയുമായി ചർച്ച നടത്തി എഗ്രിമെന്റിലേർപ്പെടുന്നത്, ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ലംഘനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ ക്വാട്ട് ചെയ്തതിനു ശേഷം ക്വാട്ട് ചെയ്ത ഏക കമ്പനിയുമായി ഒരു ചർച്ചയും നടത്തിയിട്ടില്ല. ചർച്ചകൾ നടന്നിട്ടുള്ളത് ക്വാട്ട് ചെയ്യുന്നതിന് മുമ്പ് ടെണ്ടർ നടപടി ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ്. ടെണ്ടറിൽ ക്വാട്ട് ചെയ്യേണ്ട അവസാന തീയതിക്ക് മുമ്പ് തന്നെ കരട് എഗ്രിമെന്റ് ബിഡ്ഡ് വാങ്ങിയ മൂന്ന് കമ്പനികൾക്കും നൽകിയിട്ടുള്ളതും അതിൽ ഒരു മാറ്റവും അതിന് ശേഷം വരുത്തുവാൻ നിയമപരമായി സാധ്യത ഇല്ലാത്തതുമാണ്. |
| (ബി) ടെണ്ടറിൽ ക്വാട്ട് ചെയ്യുന്നത് ഏക കമ്പനിയായിരിക്കുമ്പോൾ മത്സരാധിഷ്ഠിതമല്ലാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ടതായ നടപടിക്രമങ്ങൾ എന്തെല്ലാമായിരുന്നു; അവ പാലിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) വളരെ സുതാര്യവും മത്സരാധിഷ്ഠിതവുമായ ടെണ്ടർ നടപടിക്രമങ്ങളാണ് പദ്ധതിയ്ക്കായി പിന്തുടർന്നത്. ടെണ്ടറിൽ യോഗ്യതാ ഘട്ടത്തിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും അതിൽ മൂന്ന് കമ്പനികൾ RFP രേഖകൾ 8 ലക്ഷം രൂപ നല്കി വാങ്ങുകയും ചെയ്തു. ക്വാട്ട് ചെയ്തത് ഏക കമ്പനിയായിരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ചുള്ള വിദഗ്ധോപദേശം നിയമവകുപ്പിൽ നിന്നും സ്റ്റോർസ് പർച്ചേസിൽ നിന്നും പദ്ധതിയുടെ നിയമോപദേശകരിൽ നിന്നും തേടിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | അദാനിയുടെ ടെണ്ടർ ഉറപ്പിച്ചില്ലെങ്കിൽ വിഴിഞ്ഞം വികസനത്തിനുള്ള അവസാന അവസരമായിരിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെയടിസ്ഥാനം എന്തായിരുന്നു; വ്യക്തമാക്കാമോ; | (സി) | ഇത്തവണ (2015) വികസിപ്പിച്ചില്ലെങ്കിൽ പിന്നീടൊരിക്കലും വിഴിഞ്ഞം വികസനം സാധ്യമാവുകയില്ല എന്ന നിഗമനത്തിലെത്തിയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. |
| (ഡി) | ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിക്ക് വേണ്ടി അദാനി സമ്മർദ്ദ തന്ത്രങ്ങൾ നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ